നം. സി.ഇ.ഇ/1747/2010/റ്റി.എ.3

**കേരള സർക്കാർ**

## പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

## ബിരുദാനന്തര ബിരുദ ഹോമിയോ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷ : 2011-'12

1. തിരുവനന്തപുരത്തും, കോഴിക്കോടുമുള്ള സർക്കാർ ഹോമിയോ മെഡിക്കൽ കോളേജുകളിൽ 2011-'12 വർഷത്തെ വിവിധ ബിരുദാനന്തര ബിരുദ ഹോമിയോ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു.
2. **പ്രവേശനത്തിനു വേണ്ട യോഗ്യതകൾ:**
   (I) **നേറ്റിവിറ്റി :** അപേക്ഷകൻ ഇൻഡ്യൻ പൗരനായിരിക്കണം.
   (II) **വിദ്യാഭ്യാസ യോഗ്യതകൾ:** ബി.എച്ച്.എം.എസ്. (ഡയറക്ട്/ഗ്രേഡഡ്) അഥവാ കേന്ദ്ര ഹോമിയോ കൗൺസിൽ തത്തുല്യമായി അംഗീകരിച്ച ബിരുദം. പ്രവേശനത്തിനുള്ള ഇന്റർവ്യൂ തീയതിക്കു മുമ്പ് ഇന്റേൺഷിപ്പ് പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്. ഇവർ അഡ്മിഷൻ സമയത്ത് മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കണം. മൂന്നിൽ കൂടുതൽ തവണ എഴുതി അവസാന വർഷ പരീക്ഷ വിജയിച്ചവർക്ക് പ്രവേശനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.
   (III) **വയസ്സ്:** ജനറൽ വിഭാഗം അപേക്ഷകർക്ക് **01.01.2011** ൽ **45** വയസ്സ് കവിയരുത്. എന്നാൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും ഹോമിയോപ്പതി മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപകർക്കും, കേന്ദ്ര ഹോമിയോപ്പതി കൗൺസിലിലെ റിസർച്ച് അസിസ്റ്റന്റുമാർക്കും പരമാവധി 5 വർഷത്തെ വയസ്സിളവ് അനുവദിക്കുന്നതാണ്.
3. **തെരഞ്ഞെടുപ്പും പ്രവേശന പരീക്ഷയും:** കേരളത്തിലെ റൂറൽ സർവ്വീസ് ക്വാട്ട, സർക്കാർ, സ്വകാര്യ ഹോമിയോ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപകർക്കു വേണ്ടി സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ എന്നിവ ഒഴികെയുള്ള സീറ്റുകളിലേയ്ക്കുള്ള പ്രവേശനം **27.03.2011** ന് **തിരുവനന്തപുരത്തു** വച്ച് പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷയിലെ റാങ്കിന്റെ അടിസ്ഥാനത്തിലായിരിക്കും.
   പ്രവേശന പരീക്ഷയ്ക്ക് **2** മണിക്കൂർ വീതം ദൈർഘ്യമുള്ളതും **150** ചോദ്യങ്ങൾ വീതം ഉള്ളതുമായ രണ്ട് പേപ്പറുകൾ ഉണ്ടായിരിക്കും. ചോദ്യങ്ങൾ ഒബ്ജക്ടീവ് മാതൃകയിലുള്ള തായിരിക്കും.
4. **അപേക്ഷാഫോറം:** മറ്റു സംസ്ഥാനങ്ങളിൽ നിന്നുമുള്ളവർ ഉൾപ്പെടെയുള്ള ജനറൽ വിഭാഗം, സർവ്വീസ് വിഭാഗം എന്നിവർക്ക് പൊതുവായ അപേക്ഷാ ഫാറം ലഭ്യമാണ്. കേരളത്തിലെ എസ്.സി./എസ്.റ്റി. വിഭാഗത്തിൽപെടുന്നവർക്കുള്ള അപേക്ഷാ ഫോമിന്റെ മാതൃക വ്യത്യസ്തമാണ്. അപേക്ഷാർത്ഥികൾക്ക് ബന്ധപ്പെട്ട അപേക്ഷയുടെ മാതൃകയും പ്രോസ്പെക്ടസ്സും പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ നിന്നും **01.03.2011** മുതൽ ഡൗൺലോഡ് ചെയ്യാവുന്നതാണ്.
5. **അപേക്ഷ സമർപ്പിക്കേണ്ട വിധം:** സർവ്വീസ് ക്വാട്ടയിലേക്ക് അപേക്ഷിക്കുന്നവർ ഒഴികെയുള്ള അപേക്ഷാർത്ഥികൾ ബന്ധപ്പെട്ട അപേക്ഷാഫോറം പൂരിപ്പിച്ച്, നിർദ്ദിഷ്ട രേഖകളും ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ എടുത്തതും തിരുവനന്തപുരത്തു മാറാവുന്നതുമായ **800/-** രൂപയുടെ (പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് **400/-** രൂപ) ഡിമാന്റ് ഡ്രാഫ്റ്റും സഹിതം നേരിട്ടോ രജിസ്ട്രേഡ് തപാൽ മുഖാന്തിരമോ **കമ്മീഷണർ ഫോർ എൻട്രൻസ് എക്സാമിനേഷൻസ്, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,**

**ശാന്തിനഗർ, തിരുവനന്തപുരം - 695 001** എന്ന വിലാസത്തിൽ നിശ്ചിത സമയത്തിനുള്ളിൽ അപേക്ഷ അയയ്ക്കേണ്ടതാണ്.

സർവ്വീസിലുള്ള അപേക്ഷാർത്ഥികൾ അപേക്ഷാഫീസായ **800/-** രൂപ **പ്രിൻസിപ്പൽ ആന്റ് കൺട്രോളിംഗ് ഓഫീസർ, ഗവൺമെന്റ് ഹോമിയോപ്പതി മെഡിക്കൽ കോളേജ്, ഐരാണിമുട്ടം, മണക്കാട് പി.ഒ, തിരുവനന്തപുരം-695009** എന്ന വിലാസത്തിൽ **തിരുവനന്തപുരത്തു** മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ആയി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതും, അപേക്ഷാഫോമിൽ മേലധികാരിയുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതുമാണ്. ഗവൺമെന്റ്/സ്വകാര്യ ഹോമിയോ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപകർ പൂരിപ്പിച്ച അപേക്ഷ മറ്റ് അനുബന്ധ രേഖകൾ സഹിതം **പ്രിൻസിപ്പൽ ആന്റ് കൺട്രോളിംഗ് ഓഫീസർ, ഗവൺമെന്റ് ഹോമിയോപ്പതി മെഡിക്കൽ കോളേജ്, ഐരാണിമുട്ടം, മണക്കാട് പി.ഒ, തിരുവനന്തപുരം-695009** എന്ന വിലാസത്തിലും റൂറൽ സർവ്വീസ് ക്വാട്ടയിൽ അപേക്ഷിക്കുന്നവർ **ഡയറക്ടർ, ഹോമിയോപ്പതി, ഫോർട്ട് പി.ഒ, തിരുവനന്തപുരം-695023** എന്ന വിലാസത്തിലുമാണ് അവരവരുടെ മേലുദ്യോഗസ്ഥർ വഴി സമർപ്പിക്കേണ്ടത്.

6. **അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും:** സർവ്വീസിലുള്ളവർ ഉൾപ്പെടെയുള്ള എല്ലാ അപേക്ഷാർത്ഥികളും പൂരിപ്പിച്ച അപേക്ഷയും മറ്റ് അനുബന്ധ രേഖകളും മേൽപ്പറഞ്ഞ പ്രകാരം ബന്ധപ്പെട്ട അധികാരികൾക്ക് **18.03.2011** ന് **വൈകുന്നേരം 5 മണിക്കു** മുമ്പായി ലഭിയ്ക്കത്തക്ക വിധത്തിൽ അയയ്ക്കേണ്ടതാണ്. വൈകുന്നേരം 5 മണിക്കു ശേഷം ലഭിക്കുന്നതുൾപ്പെടെ വൈകി ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. പോസ്റ്റൽ കാലതാമസത്തിന് പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദി യായിരിക്കുന്നതല്ല.
7. **അഡ്മിറ്റ് കാർഡ്** : അപേക്ഷാർത്ഥികൾക്കുള്ള അഡ്മിറ്റ് കാർഡുകൾ **23.03.2011** മുതൽ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.
8. അപേക്ഷ സമർപ്പിച്ചതിനു ശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്തുവാനോ ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല. ഇതിലേയ്ക്കുള്ള അപേക്ഷകളോ, ഇത്തരം സർട്ടിഫിക്കറ്റുകളോ യാതൊരു കാരണവശാലും പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ സ്വീകരിക്കുന്നതല്ല.

   അപേക്ഷാ ഫോമിൽ നൽകിയ മാതൃകയിൽ ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധ സർട്ടിഫിക്കറ്റുകൾ ആ മാതൃകയിൽ തന്നെ ലഭ്യമാക്കേണ്ടതാണ്.

   അപൂർണ്ണമായതോ, തെറ്റായി പൂരിപ്പിച്ചതോ ആയ അപേക്ഷകൾ നിരസിക്കുന്നതാണ്. ഇതു സംബന്ധമായി യാതൊരു കത്തിടപാടുകളും നടത്തുന്നതല്ല.

   പ്രവേശന പരീക്ഷയിലെ റാങ്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണർ സെലക്ഷൻ കമ്മിറ്റി ചെയർമാന് അയച്ചുകൊടുക്കുന്നതാണ്. സർവ്വീസ് ക്വാട്ട ഉൾപ്പെടെ എല്ലാ സീറ്റുകളിലേയ്ക്കുമുള്ള സീറ്റ് അലോട്ട്മെന്റ്, അഡ്മിഷൻ എന്നിവ പ്രോസ്പെക്ടസ്സിലെ നിബന്ധനകൾക്ക് വിധേയമായി സെലക്ഷൻ കമ്മിറ്റി ചെയർമാൻ നടത്തുന്നതാണ്.
9. സർക്കാർ അംഗീകരിച്ചതും പ്രിൻസിപ്പൽ ആന്റ് കൺട്രോളിംഗ് ഓഫീസർ, ഗവൺമെന്റ് ഹോമിയോപ്പതി മെഡിക്കൽ കോളേജ്, തിരുവനന്തപുരം പുറപ്പെടുവിച്ചതും **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യവുമായ 2011-'12 ബിരുദാനന്തര ബിരുദ ഹോമിയോ കോഴ്സിന്റെ പ്രോസ്പെക്ടസ്സിലുള്ള വിശദാംശങ്ങൾ അപേക്ഷ പൂരിപ്പിക്കുന്നതിനു മുമ്പ് അപേക്ഷാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

തിരുവനന്തപുരം

28.02.2011

**പ്രവേശന പരീക്ഷാ കമ്മീഷണർ**